(ബി) 3-2-2012-ലെ തീരുമാന പ്രകാരം ഓരോ ഏജൻസിക്കും നൽകിയ ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കൈമാറിയ ഭൂമിക്ക് പ്രസ്തുത ഏജൻസികൾ വിലയോ നഷ്ടപരിഹാരമോ നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ;

(ഡി) എങ്കിൽ ഏതെല്ലാം ഏജൻസികൾ എത്ര തുകവീതം നൽകിയെന്ന് വ്യക്തമാക്കാമോ;

(ഇ) വില നിർണ്ണയിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കാമോ;

(എഫ്) യോഗ തീരുമാനത്തിന് വിരുദ്ധമായി ഭൂമി അനുവദിച്ചിട്ടുണ്ടെങ്കിൽ ആർക്കൊക്കെയാണെന്നും ആയതിന് സ്വീകരിച്ച മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 3-2-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം വലിയതുറ സ്വീവേജ് ഫാമിലെ തൊഴിലാളികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ടതാണ്. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി * ചേർത്തിരിക്കുന്നു.

(ബി-എഫ്) ബാധകമല്ല.

ക്ഷീരമേഖലയിൽ സ്വയം പര്യാപ്തത

69 (1443) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ക്ഷീരമേഖലയെ സ്വയംപര്യാപ്തതയിലേയ്ക്ക് എത്തിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക, കൂടുതൽ കർഷകരെയും, സംരംഭകരെയും, സ്വയംസഹായ സംഘങ്ങളെയും, ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുക, ഈ മേഖലയിൽ നിലവിലുള്ള കർഷകർക്ക് ലാഭകരമായ ക്ഷീരോല്പാദനത്തിന് പ്രചോദനം നൽകുക, ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളുടെ എണ്ണം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഡയറി യൂണിറ്റുകൾ സ്ഥാപിക്കുക, ഗ്രാമീണമേഖലാടിസ്ഥാനത്തിലുള്ള പാൽ സംഭരണ മേഖലയിലൂടെ വിപണനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ ശാക്തീകരണം, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ കൂടാതെ സംസ്ഥാനത്തിനകത്തു നിന്നും തന്നെ ഉല്പാദനക്ഷമത കൂടിയ കറവപ്പശുക്കളെ വളർത്തിയെടുക്കുന്നതിന് കിടാരി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതികളുടെ നടത്തിപ്പിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത്. ഇതിനായി ക്ഷീരകർഷകർ, കുടുംബശ്രീ/സ്വയംസഹായ സംഘങ്ങൾ, വിവിധ ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ, മൃഗസംരക്ഷണവകുപ്പ്, മിൽമ മേഖലാ യൂണിയനുകൾ, കെ.എൽ.ഡി.ബോർഡ് തുടങ്ങിയ സഹോദര സ്ഥാപനങ്ങൾ വകുപ്പുമായി സഹകരിക്കുന്നു.

(സി) വിവിധ പദ്ധതികൾ തയ്യാറാക്കി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കുകയും ജില്ലാ/യൂണിറ്റുതല ഓഫീസുകൾ മുഖേന ടി പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

രാജാരവിവർമ്മ സ്മാരകം

70 (1444) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂരിൽ രാജാരവിവർമ്മ സ്മാരക നിർമ്മാണത്തിന് ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) സ്മാരകത്തിന്റെ ഭാഗമായി എന്തെല്ലാം നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കാമോ;

(സി) സ്മാരക നിർമ്മാണത്തിന് കേന്ദ്ര സർക്കാരിൽ സമർപ്പിച്ച അപേക്ഷയിന്മേൽ ഫണ്ട് ലഭ്യമായിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?